WEDNESDAY 31/12/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/12/2025

1. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ Forest Reserve Act (FRA) പട്ടയമുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 31/12/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്.പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ളവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9562304546.

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷനൽ ഫാമിൽ നിന്നും തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ 4 മണി വരെ ഫോണിലൂടെ ബുക്കിംഗ് നടത്താം. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 9961578887, 99478 32352

## പരിശീലന പരിപാടി

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 05 മുതൽ 09 വരെ 5 ദിവസങ്ങളിലായി "ശാസ്ത്രീയ പശു പരിപാലനം" എന്ന

വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ അർഹത പങ്കെടുക്കാൻ ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 03.01.2026-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ ഏതെങ്കിലും തിരിച്ചറിയൽ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**കാർഷിക നിർദേശം**

5. വെള്ളരിവർഗ്ഗ പച്ചക്കറികളുടെ ഇലകളുടെ മുകൾഭാഗത്ത് വെളുത്ത പൂപ്പൽ പൊടി കാണുന്നതാണ് ചൂർണ്ണപൂപ്പ് രോഗം. ഇതിനു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രതിവിധിയായി വിളവെടുപ്പിനു ശേഷം 1.5 മി.ലി ടെബുകൊണസോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. പത്ത് ദിവസത്തിനുശേഷം ട്രൈക്കോഡർമ വിരിഡെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നതും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം